## പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3954 — 12/12/2018-ൽ മറുപടിക്ക്

## സമ്പൂർണ്ണ കാൻസർ നിർമ്മാർജ്ജനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. ദാസൻ**<br>**ശ്രീ.വി. അബ്ദുറഹിമാൻ**<br>**ശ്രീ.ജോൺ ഫെർണാണ്ടസ്**<br>**ശ്രീ.ഡി.കെ. മുരളി** | | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പമന്ത്രി) | |
| എ) | സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സമ്പൂർണ്ണ കാൻസർ നിർമ്മാർജ്ജനത്തിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | എ) | സമ്പൂർണ്ണ ക്യാൻസർ നിർമ്മാർജ്ജനം എന്നതിലുപരി ക്യാൻസർ നിയന്ത്രണ പദ്ധതികൾ, നിർണ്ണയ പദ്ധതികൾ, ചികിത്സാ പദ്ധതികൾ എന്നിവയിലാണ് ഊന്നൽ നൽകി വരുന്നത്. |
| ബി) | സംസ്ഥാനത്ത് ക്യാൻസർ രജിസ്ട്രി തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ; | ബി) | സംസ്ഥാനത്ത് നിലവിൽ തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലും, കണ്ണൂർ മലബാർ കാൻസർ സെന്ററിലും മാത്രമാണ് ക്യാൻസർ രജിസ്ട്രി തയ്യാറാക്കി വരുന്നത്. സംസ്ഥാനത്തെ സർക്കാർ മേഖലയിലേയും സ്വകാര്യ മേഖലയിലേയും അർബുദ ചികിത്സാ കേന്ദ്രങ്ങളെ കോർത്തിണക്കികൊണ്ടുള്ള ക്യാൻസർ ഗ്രിഡ് യാഥാർത്ഥ്യമാവുന്നതോടെ സമ്പൂർണ്ണ ക്യാൻസർ രജിസ്ട്രി എന്ന ലക്ഷ്യത്തിലേക്ക് എത്തുന്നതാണ്. സംസ്ഥാന സർക്കാർ സ്വീകരിച്ച സംസ്ഥാന ക്യാൻസർ നയത്തിലും ഈ ഉദ്ദേശലക്ഷ്യങ്ങളാണ് നിർവ്വചിച്ചിട്ടുള്ളത്. |
| സി) | എല്ലാ ജില്ലാ ആശുപത്രികളുലും കീമോതെറാപ്പി സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | സി) | എല്ലാ ജില്ലകളിലെയും പ്രധാന ആശുപത്രികളിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ജില്ലാ ക്യാൻസർ കെയർ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| ഡി) | കാൻസർ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മെഡിക്കൽ കോളേജുകളിൽ | ഡി) | മെഡിക്കൽ കോളേജാശുപത്രികളിൽ കാൻസർ ചികിത്സയ്ക്കാവശ്യമായ കൊബാൾട്ട് തെറാപ്പി യൂണിറ്റുകൾ നിലവിലുണ്ട്. ഇതു കൂടാതെ തിരുവനന്തപുരം, തൃശ്ശൂർ, ആലപ്പുഴ മെഡിക്കൽ കോളേജുകളിലേയ്ക്ക് പുതിയ |

| | | | |
|---|---|---|---|
| | ക്യാൻസർ ചികിത്സയ്ക്ക് ആവശ്യമായ ആധുനിക സംവിധാനങ്ങൾ ഒരുക്കുന്നതിനു എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ; | | കൊബാൾട്ട് തെറാപ്പി യൂണിറ്റുകൾ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു.<br>കാൻസർ ചികിത്സയ്ക്കുള്ള നൂതന ചികിത്സാ ഉപകരണമായ ലീനിയർ ആക്സിലേറ്റർ കോഴിക്കോട്, കോട്ടയം, ആലപ്പുഴ, മെഡിക്കൽ കോളേജുകളിൽ നിലവിലുണ്ട്. ഇത് കൂടാതെ തിരുവനന്തപുരം, തൃശ്ശൂർ മെഡിക്കൽ കോളേജുകളിലേക്ക് ലീനിയർ ആക്സിലേറ്റർ ഇൻസ്റ്റാൾ ചെയ്യാൻ നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഓങ്കോ പാത്തോളജി, മെഡിക്കൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി, വിഭാഗങ്ങളിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി കൂടുതൽ മികച്ച ചികിത്സ ലഭ്യമാക്കി വരുന്നു. പുതുതായി തുടങ്ങിയ പാരിപ്പള്ളി മെഡിക്കൽ കോളേജ്, മഞ്ചേരി മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ മെഡിക്കൽ കാൻസർ ചികിത്സാ നിർണ്ണയത്തിനാവശ്യമായ മാമോഗ്രാഫി യൂണിറ്റുകൾ, അൾട്രാ സൗണ്ട് സ്കാനിംഗ് മെഷീൻ, സി.റ്റി സ്കാനിംഗ് മെഷീൻ തുടങ്ങിയ സംവിധാനങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ ടെർഷറി കെയർ സംവിധാനം ഒരുക്കുന്നതിനുവേണ്ടിയുള്ള ആശുപത്രി കെട്ടിട സമുച്ചയത്തിന്റെ ഉദ്ഘാടനം കഴിഞ്ഞ് പ്രവർത്തന സജ്ജമായി. |
| ഇ) | ആർ.സി.സി., എം.സി.സി., കൊച്ചി കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിലെ കാൻസർ ചികിത്സാ സൗകര്യങ്ങൾ വിപുലീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | ഇ) | അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

# 1. റീജിയണൽ ക്യാൻസർ സെന്റർ

**താഴെ പറയുന്ന ചികിത്സാ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.**

**റേഡിയേഷൻ ഓങ്കോളജി**

1.ലീനിയർ ആക്സിലേറേറ്റേഴ്സ്

2. ടെലി കോബാൾട്ട് യൂണിറ്റ്

3. ഐ.ജി.ആർ.റ്റി, ഐ.എം.ആർ.റ്റി / റാപ്പിഡ് ആർക്, എസ്.ആർ.എസ്/ എസ്.ആർ.റ്റി, 3 ഡി കൺഫോർമൽ ആർ.റ്റി & പോർട്ടൽ ഇമേജിംഗ്

4. ഇമേജ് ഗൈഡഡ് ബ്രാക്കിതെറാപ്പി ഫോർ സെർവിക്സ് ക്യാൻസർ

5. ഡിജിറ്റൽ സിമുലേറ്റർ & സി.റ്റി.സിമുലേറ്റർ

6. ട്രീറ്റ്മെന്റ് പ്ലാനിംഗ് സിസ്റ്റംസ്

7.എച്ച്.ഡി.ആർ ബ്രാക്കിതെറാപ്പി

8. ക്വാളിറ്റി അഷ്വറൻസ് എക്വിപ്പ്മെന്റ്സ്

**സർജ്ജിക്കൽ ഓങ്കോളജി**

1. മോഡേൺ ഓപ്പറേഷൻ തിയേറ്ററുകൾ (ഏഴ് എണ്ണം)

2. ഓപ്പറേറ്റിംഗ് മൈക്രോസ്കോപ്പ് ആൻഡ് വീഡിയോ എൻഡോസ്കോപ്പ്സ്

3. മിനിമലി ഇൻവേസീവ് സർജറി

4.ലിംബ് സാൽവേജ് സർജറി

5. സെന്റിനൽ ലിംബ് നോഡ് ബയോപ്സി

6. സ്റ്റേറ്റ് ഓഫ് ദി ആർട്ട് ഐ.സി.യു

7. മൊബൈൽ സി ആം ഇമേജ് ഇന്റൻസിഫയർ

8.ലേസർ ഫോർ മൈക്രോലാരിംജൽ സർജറി

9. പ്രിസിഷൻ ഡ്രിൽ & സാ സിസ്റ്റം

**മെഡിക്കൽ ഓങ്കോളജി**

1. എല്ലാത്തരം ക്യാൻസറുകൾക്കും കീമോതെറാപ്പി നൽകുന്നതിനുള്ള സൗകര്യം

2. നാല്പ കിടക്കകളോട്ടുകൂടിയ ബോൺമോരോ ട്രാൻസ് പ്ലാന്റേഷൻ യൂണിറ്റ്

3. ഹൈ ഡിപ്പെന്റൻസി കീമോതെറാപ്പി വാർഡ്

**പീഡിയാട്രിക് ഓങ്കോളജി**

1. ഇന്ത്യയിലെ ആദ്യത്തെ പീഡിയാട്രിക് ഓങ്കോളജി ഡിവിഷൻ

2. കുട്ടികൾക്കു വേണ്ടിമാത്രമുള്ള 50 കിടക്കകളോട്ടുകൂടിയ പീഡിയാട്രിക് ഓങ്കോളജി

3. നാല്പ കിടക്കകളോട്ടുകൂടിയ അത്യാധുനിക ഐ.സി. യൂണിറ്റ്.

**പാലിയേറ്റീവ് കെയർ**

1.രാജ്യത്തെ ആദ്യത്തെ ക്യാൻസർ പെയ്ൻ ക്ലിനിക്

2. ദ്രവരൂപത്തിലുള്ളതും ക്യാപ്സ്യൂൾ രൂപത്തിലുള്ളതുമായ മോർഫിന്റെ ലഭ്യത.

3. കിടത്തി ചികിത്സയും പരിചരണത്തിനുമുള്ള അഭയകേന്ദ്രം

4. ഗൃഹപരിചരണവും പുനരധിവസിപ്പിക്കുന്നതിനുമുള്ള സഹായ സംവിധാനങ്ങൾ

5. കേരളമൊട്ടാകെയുള്ള സാന്ത്വന പരിചരണ ശൃംഖല

**ചികിത്സ സൗകര്യം വിപുലീകരിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ**

അത്യാധുനിക പീഡിയാട്രിക് ഓങ്കോളജി വിഭാഗം തുടങ്ങി

പുതിയ ഔട്ട് പേഷ്യന്റ് ബ്ലോക്ക് ആരംഭിച്ചു

PET CT Scanner, SPECT സ്കാനർ എന്നിവ സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചു.

ആർ.സി.സിയെ രോഗി സൗഹൃദ ആശുപത്രിയായി വികസിപ്പിക്കുന്നതിന് റ്റാറ്റാ കൺസൾട്ടൻസി സർവ്വീസസിന്റെ ഡിജിറ്റൽ നെർവ് സെന്ററിന്റെ ഭാഗമാക്കി.

പാലക്കാടും എറണാകുളത്തും ഉൾപ്പെടെയുള്ള ഉപകേന്ദ്രങ്ങളെ സംയോജിപ്പിച്ചുകൊണ്ടുള്ള ടെലി മെഡിസിൻ സംവിധാനം ആരംഭിച്ചു.

രോഗികൾക്ക് കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു പത്തു നില കെട്ടിടം നിർമ്മിച്ച് പ്രവർത്തനം സജ്ജമാക്കി.

ആർ.സി.സിയോടു ചേർന്ന് ഒരു 14 നില കെട്ടിടത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചു. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ആർ.സി.സിയുടെ 2 ഓപ്പറേഷൻ തീയറ്ററുകൾ നവീകരിച്ചു.

## 2. <u>മലബാർ ക്യാൻസർ സെന്റർ</u>

ആധുനിക റേഡിയേഷൻ ചികിത്സ ലഭ്യമാക്കുന്ന ലീനിയർ ആക്സിലേറേറ്റർ, എലൈറ്റ് 80 ടെലികൊബാൾട്ട് മെഷീൻ, റേഡിയോ തെറാപ്പി സിമുലേറ്റർ, ബ്രാക്കിതെറാപ്പി മെഷീൻ എന്നിവ ഉൾപ്പെടുന്ന റേഡിയേഷൻ ചികിത്സാ സൗകര്യം.

ആധുനിക സൗകര്യങ്ങളോടുകൂടിയ ബയോ കെമിക്കൽ ക്ലിനിക്കൽ ലാബോറട്ടറി, സൈറ്റോളജി, ഹിസ്റ്റോപാത്തോളജി, മൈക്രോ ബയോളജി വിഭാഗം

4 ഡി സ്കാനർ, സി.ടി.സിമുലേറ്റർ, അത്യാധുനിക എം.ആർ.എ സ്കാൻ, സി.ടി.സ്കാൻ, 500 എം.എ എക്സ് റേ മെഷീനും, അൾട്രാ സൗണ്ട് സ്കാനറും, ഡിജിറ്റൽ എക്സ്റേ, ഡിജിറ്റൽ മാമോഗ്രാഫിയും അടങ്ങിയ ഇമേജിയോളജി വിഭാഗം.

ആഴ്ചയിൽ 6 ദിവസം പ്രവർത്തിക്കുന്ന ഔട്ട് പേഷ്യന്റ് വിഭാഗം.

ബോൺമാരോ ട്രാൻസ് പ്ലാന്റേഷന് സംവിധാമുള്ള ഹെമറ്റോളജി & മെഡിക്കൽ ഓങ്കോളജി വിഭാഗം

എന്റോസ്കോപ്പി, കൊളോണോസ്കോപ്പി, ബ്രോങ്കോസ്കോപ്പി എന്നിവ ചെയ്യാനുള്ള സജ്ജീകരണങ്ങൾ

രക്തത്തിലെ കോശങ്ങളെ വേർതിരിക്കുന്ന കമ്പോണന്റ് സെപ്പറേഷന് സൗകര്യമുള്ള ആധുനിക

സജ്ജീകരണങ്ങളോടുകൂടിയ ബ്ലഡ് ബാങ്ക്

ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഓപ്പറേഷൻ തീയറ്റർ കോംപ്ലക്സ്.

ഡേ കീമോതെറാപ്പി വിഭാഗം ഉൾപ്പെടെയുള്ള കീമോതെറാപ്പി ചികിത്സ

എം.സി.സി ബ്ലഡ് ബാങ്ക് ആധുനിക വൽക്കരണത്തിന്റെ ഭാഗമായി NAT (Nueclic Acid Testing) സംവിധാനം ആരംഭിച്ചു.

ഇ-പാലിയേറ്റീവ് സംവിധാനം ആരംഭിച്ചു.

കാൻസർ രോഗികൾക്ക് സാന്ത്വന ചികിത്സ നൽകുന്ന പാലിയേറ്റീവ് കെയർ വിഭാഗം, കൂടാതെ പാലിയേറ്റീവ് ചികിത്സ തുടരുന്ന രോഗികൾക്ക് ഹോം കെയർ സർവ്വീസ് ലഭ്യമാക്കുന്നുണ്ട്.

മറ്റ് ആശുപത്രികളിലെ കാൻസർ രോഗികൾക്കും, ഡോക്ടർമാർക്കും, എം.സി.സിയിലെ ഡോക്ടർമാരുമായി അവരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ടെലിമെഡിസിൻ സംവിധാനവും പ്രവർത്തിച്ചുവരുന്നുണ്ട്

കാൻസർ ജെനിറ്റിക്സ് ക്ലിനിക്

200 രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള ഇൻപേഷ്യന്റ് ബ്ലോക്ക്

ന്യൂക്ലിയാർ മെഡിസിനായുള്ള സംവിധാനം നിലവിൽ ഒരുക്കി വരുന്നു.

## 3.കൊച്ചിൻ ക്യാൻസർ സെന്റർ

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അർബുദരോഗവുമായി ബന്ധപ്പെട്ട മേഖലകളിൽ ഉന്നതനിലവാരത്തിലുള്ള ഗവേഷണം നടത്തുന്നതിനും അതിനൂതനമായ ചികിത്സാ സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനുമായി കൊച്ചിൻ കാൻസർ റിസേർച്ച് സെന്റർ പ്രവർത്തനം ആരംഭിക്കുകയുണ്ടായി. ഒ.പി. വിഭാഗം ഡേ കെയർ കീമോതെറാപ്പി, ലാബോറട്ടറി, കാൻസർ നിർണ്ണയ ക്യാമ്പുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ സെന്ററിൽ നടന്നുവരുന്നു.

കൊച്ചിൻ കാൻസർ റിസേർച്ച് സെന്റർ, എറണാകുളം ജില്ലയിൽ പ്രാരംഭദശയിൽ തന്നെ അർബുദരോഗ നിർണ്ണയവും അർബുദ സാക്ഷരതയും ജനസംഖ്യാധിഷ്ഠിത കാൻസർ രജിസ്ട്രിയും, യഥാസമയ ചികിത്സയും ലക്ഷ്യമിട്ടുകൊണ്ട് എറണാകുളം ജില്ലാ കാൻസർ നിയന്ത്രണ പരിപാടിയ്ക്ക് രൂപം കൊടുത്തിയിട്ടുണ്ട്.

അർബുദരോഗികളെ വീടുകളിൽ സന്ദർശിച്ച് ചികിത്സയും മരുന്നും ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ട് സംയോജിത ഗൃഹ പരിചരണ പദ്ധതി സെന്റർ ആവിഷ്കരിച്ചിട്ടുണ്ട്. സെന്ററിൽ ഇൻ പേഷ്യന്റ് വിഭാഗം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സെന്ററിൽ ശ്രീ.സി.പി.നാരായണൻ എം.പി.-യുടെ (MPLADS 2016-17) പ്രാദേശിക വികസന ഉൾപ്പെടുത്തി ഒരു ഫുൾ ഫീൽഡ് ഡിജിറ്റൽ മാമ്മോഗ്രാമും, മൈക്രോടോമും സ്ഥാപിച്ചിട്ടുണ്ട്. കാൻസർ ചികിത്സ സൗകര്യങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി 384.43 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ